പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2139

05.12.2018 ൽ
മറുപടിയ്ക്ക്

## കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ

**മറുപടി**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാന സർക്കാർ കോടതികൾക്കായി നാമമാത്രമായ തുകയാണ് വിനിയോഗിക്കുന്നതെന്ന സുപ്രീംകോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കോടതി കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കോടതികളുടെ ഭൗതിക സൗകര്യങ്ങൾക്കായി സുപ്രീംകോടതി നൽകിയ സമഗ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) കോടതികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സമിതിയുണ്ടാക്കണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**മറുപടി:**

(എ) ഉണ്ട്

(ബി) യും (ഡി) യും (ഇ) യും സബോർഡിനേറ്റ് ജുഡിഷ്യറിക്കുവേണ്ടി നിലവിൽ സംസ്ഥാനത്തുള്ള 513 കോടതിസമുച്ചയങ്ങളിൽ 331 എണ്ണം ജുഡീഷ്യറിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും 140 എണ്ണം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും 42 എണ്ണം വാടക കെട്ടിടങ്ങളിലുമാണ് പ്രവർത്തിച്ചുവരുന്നത് .ആയതിൽ സർക്കാർ ഉടമസ്ഥതയിലും വാടകകെട്ടിടങ്ങളിലുമായി പ്രവർത്തിച്ചു വരുന്ന കോടതികൾ ജുഡീഷ്യറിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലേക്ക് മാറ്റിസ്ഥാപിക്കുന്നതിനായി പുതിയ കോടതികെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരികയാണ് .സംസ്ഥാനത്തെ കുടുംബ കോടതി കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൗൺസിലിങ് റൂമുകൾ ,സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക കാത്തിരിപ്പ് മുറികൾ എന്നിവയുൾപ്പെടുത്തി ഒരു ഏകീകൃത പദ്ധതി അംഗീകരിച്ചിട്ടുണ്ട്.ബഹു.സുപ്രീം കോടതിയുടെ WP(C) 1022/1989 ന്റെ 02.08.2018 തിയ്യതിയിലെ വിധിയുടെ

അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കോടതികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു സമിതിയുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ അഡിഷണൽ ചീഫ് സെക്രട്ടറി(ആഭ്യന്തരവും വിജിലൻസും) കൺവീനർ ആയും ,ചീഫ് സെക്രട്ടറി ,നിയമവകുപ്പ് സെക്രട്ടറി,ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശിപാർശ ചെയ്യു ഒരു ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി 20.08.2018 തിയതിയിലെ സ.ഉ (സാധ ാ)നം .2411 / 2018 /ആഭ്യന്തരം ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) 2017-18 വർഷത്തിൽ ഇക്കാര്യത്തിനായി എന്ത് തുക വിനിയോഗിച്ചുവെന്ന് അറിയിക്കുമോ;

:2017-18 സാമ്പത്തിക വർഷത്തിൽ കോടതി കോംപ്ലക്സുകളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി കേന്ദ്രവിഹിതം ഉൾപ്പെടെ 42.96 കോടി രൂപ ചെലവാക്കിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ